# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1000** | **12/06/2014** ൽ മറുപടിക്ക്

**ഭിന്നശേഷിയുള്ള കുട്ടികൾക്കായി റിസോഴ്സസ് സെന്ററുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, വർക്കല കഹാർ<br>,, റ്റി. എൻ. പ്രതാപൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കൂളുകൾ കേന്ദ്രമാക്കി റിസോഴ്സസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS ന് കീഴിൽ സ്കൂൾ തല റിസോഴ്സ് റൂമുകൾ, വദ്യാഭ്യാസ ജില്ലാതല റിസോഴ്സ് സെന്ററുകൾ എന്നിവ 2009-10 മുതൽ അനുവദിച്ചിട്ടുണ്ട്.നിലവിൽ 178 സ്കൂൾതല റിസോഴ്സ് റൂമുകളും 23 റിസോഴ്സ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ 2013-14 വർഷം മുതൽ ഈ ഇനത്തിൽ കേന്ദ്ര ഗവൺമെന്റ് തുക അനുവദിക്കുന്നില്ല. |
| ബി) | പ്രസ്തുത പദ്ധതി മുഖേന ഏന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | പഠനോപകരണങ്ങളിലൂടെയും, വൈകല്യങ്ങൾക്കനുസരിച്ച് റിസോഴ്സ് റൂമിലെ വിവിധ ഉപകരണങ്ങൾ വഴിയും കുട്ടിയുടെ ക്ലാസ്സ് റൂം പഠനം ലഘൂകരിക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. Teacher-Learning Materials നായി പ്രത്യേക തുക അനുവദിക്കുകയും കുട്ടിക്ക് പഠനം ആയാസരഹിതമാക്കുകയും ചെയ്യുന്നു. |
| സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരിക, മാനസിക ആരോഗ്യം എന്നിവ ഉറപ്പ് വരുത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | Teacher-Learning Materials, റിസോഴ്സ് സെന്ററുകൾ / റൂമുകളിൽ വ്യത്യസ്ത വൈകല്യങ്ങൾക്കായുള്ള ഉപകരണങ്ങൾ, റെമഡിയൽ ക്ലാസ്സുകൾ എന്നിവ റിസോഴ്സ് റൂം / സെന്റർ കേന്ദ്രീകരിച്ച് നടത്തിവരുന്നു. കൂടാതെ, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയും റിസോഴ്സ് സെന്റർ / റൂമുകളോടനുബന്ധിച്ച് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | റെമഡിയൽ ക്ലാസ്സുകൾക്ക് പുറമേ തെറാപ്പി സേവനങ്ങളും നൽകിവരുന്നു. ആ സ്കൂളിലെ ആവശ്യക്കാർക്കുപുറമെ സമീപ പ്രദേശത്തെ സ്കൂളുകളിലെയും ആ പ്രദേശത്തെയും കുട്ടികൾക്ക് പൂർണ്ണമായും സൗജന്യമായി തെറാപ്പി സേവനങ്ങൾ നൽകിവരുന്നു. വളരെയേറെ കുട്ടികൾക്ക് ഈ സേവനങ്ങൾ പ്രയോജനപ്പെടുന്നു എന്നാണ് അറിയുന്നത്. |

സെക്ഷൻ ഓഫീസർ